പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *143

05.12.2014-ൽ മറുപടിക്ക്

## പഞ്ചായത്തുകളുടെ തനതുഫണ്ടിലേക്കുള്ള വരുമാന സ്രോതസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പി.റ്റി.എ.റഹീം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തുകളുടെ തനതുഫണ്ടിലേക്കുള്ള വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണ് വിശദമാക്കാമോ ; | എ) പഞ്ചായത്തുകളുടെ തനതു വരവുകളെ നികുതി വരവെന്നും നികുതിയേതര വരവെന്നും രണ്ടായി തിരിക്കാവുന്നതാണ്. നികുതി വരവുകൾ പ്രധാനമായും വസ്തു നികുതി (കെട്ടിട നികുതി), തൊഴിൽ നികുതി, വിനോദ നികുതി, സേവന നികുതി, പരസ്യ നികുതി എന്നിവയാണ്. നികുതിയേതര വരവുകളിൽ ഡി & ഒ ലൈസൻസ് ഫീ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, സ്വകാര്യ മാർക്കറ്റ് ലൈസൻസ് ഫീ, കശാപ്പുശാല ലൈസൻസ് ഫീ, കെട്ടിടങ്ങൾ വാടകയ്ക്കു നൽകി അതിൽ നിന്നുള്ള വരവ്, സ്വകാര്യ പാരാമെഡിക്കൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ, ബസ് സ്റ്റാന്റ്, വണ്ടിത്താവളം ഫീ, ഫാറങ്ങളുടെ വിൽപ്പന, മണൽ വിൽപ്പന, ക്വാറി വരവ്, ജനന മരണ രജിസ്ട്രേഷൻ ഫീ, വിവാഹ രജിസ്ട്രേഷൻ ഫീ, |

അവയുടെ സർട്ടിഫിക്കറ്റുകളുടെ ഫീസ്, അംശാദായങ്ങളും മേലാദായങ്ങളും ഉൾപ്പെടും. കൂടാതെ ജനറൽ പർപ്പസ് ഫണ്ടും തനതു വരുമാനത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുന്നത്.

ബി) ഇങ്ങനെ ലഭ്യമാകുന്ന ഫണ്ട് നിലവിൽ പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് പര്യാപ്തമാണോ ;

ബി) തനതു ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്കു ബുദ്ധിമുട്ടുന്ന 40 ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാർ 2013-14 വർഷം ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

സി) പഞ്ചായത്ത് പരിധിയിൽ വരുന്ന അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി തനതു ഫണ്ടിലേക്കുള്ള വരുമാനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

ഡി) പഞ്ചായത്തുകളുടെ വരുമാനത്തെ പ്രസ്തുത നടപടി ബാധിച്ചിട്ടുണ്ടെങ്കിൽ ആയത് പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

സി) & ഡി)

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പിൽ സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കൻഡറിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലോ അധികാരിതയിലോ അല്ലാത്ത സ്ഥാപനങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങൾ നികുതി അടക്കുവാൻ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ